ക്യൂ.ഐ.പി(1)/65325/16/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി, 01/12/2016

18739/18/HRD

## സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - 2016-17 അദ്ധ്യയന വർഷത്തെ രണ്ടാം പാദവാർഷിക മൂല്യ നിർണ്ണയം നടത്തിപ്പ് - സംബന്ധിച്ച്.

സൂചന :-

***

2016-17 അദ്ധ്യയന രണ്ടാം പാദവർഷത്തെ മൂല്യ നിർണ്ണയത്തിന്റെ ടൈം-ടേബിൾ പ്രസിദ്ധീകരിച്ചിരുന്നു. കൂടാതെ ഓരോ വിദ്യാഭ്യാസ ജില്ലയ്ക്കും രണ്ടാം പാദവാർഷിക പരീക്ഷയുടെ നടത്തിപ്പിനായി അനുവദിച്ചിരിക്കുന്ന ചോദ്യപേപ്പറുകളുടെ വിശദ വിവരം ഇതോടൊപ്പം അയക്കുന്നു.

ഒന്നു മുതൽ എട്ടു വരെ ക്ലാസ്സുകളിലെ മൂല്യ നിർണ്ണയത്തിന് ആവശ്യമായ ചോദ്യപേപ്പറുകൾ എസ്.എസ്.എ മുഖാന്തിരം ലഭിക്കുന്നതാണ്.

9, 10 എന്നീ ക്ലാസ്സുകളിലെ ചോദ്യപേപ്പറുകൾ അച്ചടിച്ച് ഡിസംബർ 2-ാം തീയതി മുതൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകുന്നതിനായി ഗവൺമെന്റ് പ്രസ്സുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡിസംബർ 2-ാം തീയതി മുതൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അതത് ഗവൺമെന്റ് പ്രസ്സുകളുമായി ബന്ധപ്പെട്ട് ചോദ്യപേപ്പർ ശേഖരിക്കേണ്ടതും ഡിസംബർ 7-ാം തീയതിയ്ക്ക് മുമ്പായി വിദ്യാലയങ്ങൾക്ക് വിതരണം ചെയ്ത് തീർക്കേണ്ടതുമാണ്. കൂടാതെ ഐ.എച്ച്.ആർ.ഡി ടെക്നിക്കൽ ഹൈസ്ക്കൂളിലെ പൊതുവായ വിഷയങ്ങൾക്കുള്ള ചോദ്യപേപ്പറുകൾ കൂടി ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ അതാത് സ്കൂൾ പ്രധാനാദ്ധ്യാപകർക്ക് വിതരണം ചെയ്യേണ്ടതാണ്. ഓരോ ഐ.എച്ച്.ആർ.ഡി സ്കൂളിനും ആവശ്യമായ വിഷയം തിരിച്ചുള്ള ചോദ്യപേപ്പറിന്റെ എണ്ണം അടങ്ങിയ സ്റ്റേറ്റ്മെന്റ് കൂടി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ടൈം-ടേബിൾ പ്രകാരം അതത് ജില്ലകളിലെ പരീക്ഷകൾ കുറ്റമറ്റതും പരാതിക്കിട വരാത്തതുമായ രീതിയിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ, ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ മേൽനോട്ടത്തോടെ കൃത്യത ഉറപ്പാക്കി നടത്തേണ്ടതാണ്. പരീക്ഷാ നടത്തിപ്പിൽ സംഭവിക്കുന്ന ഏതെങ്കിലും തരത്തിലുള്ള വീഴ്ചകൾ വകുപ്പ് ഗൗരവത്തോടെ കാണുന്നതാണെന്ന വിവരം പ്രത്യേകം അറിയിക്കുന്നു. ചോദ്യപേപ്പറുകൾ 50 എണ്ണം വീതം അടങ്ങിയ പായ്ക്കറ്റുകളിലാക്കി നൽകുവാൻ വേണ്ട നിർദ്ദേശം ഗവൺമെന്റ് പ്രസ്സുകൾക്ക് നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം ലഭിക്കുന്ന ചോദ്യപേപ്പറുകൾ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് മാത്രമേ സ്കൂളുകൾക്ക് നൽകാവൂ. അനാവ

Received on 7/12/16.

ശ്യമായി ചോദ്യപേപ്പറുകൾ ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെടുന്ന പക്ഷം കർശന നടപടി സ്വീകരിക്കുന്നതാണ്. ഹൈസ്ക്കൂൾ തലത്തിലെ ചോദ്യപേപ്പറുകൾ അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ വച്ച് ഓരോ സ്കൂളിനും ആവശ്യമായ എണ്ണം, വിഷയം തിരിച്ച് നൽകേണ്ടതാണ്. ഈ ജോലിക്കായി ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ എല്ലാ ജീവനക്കാരുടേയും സേവനം പ്രയോജനപ്പെടുത്തണം. ചോദ്യപേപ്പർ വിതരണം ചെയ്യുന്നതോടൊപ്പം ടൈം-ടേബിളിന്റെ പകർപ്പു കൂടി നൽകേണ്ടതാണ്. കൂടാതെ ചോദ്യ പേപ്പറുകൾ പ്രസ്സുകളിൽ നിന്ന് ഏറ്റെടുക്കുമ്പോഴും സ്കൂളുകൾക്ക് വിതരണം ചെയ്യുമ്പോഴും അതിന്റെ രഹസ്യ സ്വഭാവം കാത്തു സൂക്ഷിക്കേണ്ടതും പരാതിക്കിടവരാത്തവിധവുമാണ് നടത്തേണ്ടത്. ഗവൺമെന്റ് പ്രസ്സുകളിൽ നിന്നും 50 എണ്ണം വീതമടങ്ങുന്ന പായ്ക്കറ്റുകളിലായി ലഭിക്കുന്ന ചോദ്യപേപ്പറുകൾ പൊട്ടിച്ച് സ്കൂളുകൾക്ക് വിതരണം ചെയ്യേണ്ട സാഹചര്യമുണ്ടായാൽ അവ പ്രത്യേകം പായ്ക്കറ്റുകളിലാക്കി സീൽ ചെയ്ത് നൽകേണ്ടതാണ്.

ഓരോ ജില്ലയിലും ഉൾപ്പെടുന്ന വിദ്യാഭ്യാസ ജില്ലകൾ താഴെപ്പറയും പ്രകാരം ഗവൺമെനറ് പ്രസ്സുകളിൽ നിന്നും 9, 10 ക്ലാസ്സിലെ ചോദ്യപേപ്പറുകൾ ആവശ്യമായ എണ്ണം മാത്രം ഏറ്റെടുത്ത് സ്കൂളുകൾക്ക് വിതരണം ചെയ്യേണ്ടതാണ്. 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ ചോദ്യപേപ്പറുകൾ എസ്.എസ്.എ യുടെ നേതൃത്വത്തിൽ ബി.ആർ.സി വഴി നൽകുന്നതാണ്. ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ ആവശ്യമുള്ള ചോദ്യപേപ്പറുകൾ ഗവൺമെന്റ് പ്രസ്സുമായി നേരിട്ട് ബന്ധപ്പെട്ട് ഡിസംബർ 2 ന് ഏറ്റെടുക്കേണ്ടതും ഡിസംബർ 7 ന് മുമ്പായി സ്കൂളുകൾക്ക് വിതരണം ചെയ്ത് തീർക്കേണ്ടതുമാണ്. കൂടാതെ സ്പെഷ്യൽ ഇംഗ്ലീഷ്, അഡീഷണൽ ഇംഗ്ലീഷ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ചോദ്യപേപ്പറുകൾ അതത് സ്കൂളുകളിൽ തയ്യാറാക്കി പരീക്ഷ നടത്തുവാൻ നിർദ്ദേശം നൽകേണ്ടതുമാണ്.

പരീക്ഷാ സംബന്ധമായ സംശയ നിവാരണത്തിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ താഴെപ്പറയുന്ന ഉദ്യോഗസ്ഥനെ ബന്ധപ്പെടാവുന്നതാണ്.

ആർ.എൽ. പ്രദീപ് - 9895052110

ചോദ്യപേപ്പറുകൾ ലഭ്യമാകുന്ന ഗവൺമെന്റ് പ്രസ്സുകളുടെ വിശദാംശം

| ജില്ലകൾ | ചോദ്യപേപ്പർ അച്ചടിക്കുന്ന പ്രസ്സ് | ഫോൺ നമ്പർ |
|---|---|---|
| തിരുവനന്തപുരം | ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | 0471-2331941 |
| കൊല്ലം, ആലപ്പുഴ | മണ്ണന്തല | 0471-2531340 |
| പത്തനംതിട്ട | സർക്കാർ മുദ്ര നിർമ്മാണശാല, ജനറൽ ആശുപത്രിക്ക് സമീപം, തിരുവനന്തപുരം | 0471-2471596 |
| കോട്ടയം, ഇടുക്കി | വാഴൂർ | 0481-2457040 |
| എറണാകുളം, തൃശ്ശൂർ | എറണാകുളം | 0484-2421977 |
| പാലക്കാട്, മലപ്പുറം, കോഴിക്കോട് | ഷൊർണ്ണൂർ | 0466-2220434 |
| വയനാട് | വയനാട് | 0493-6282033 |
| കണ്ണൂർ, കാസർഗോഡ് | കണ്ണൂർ | 0497-2747306 |

ജെസ്സി ജോസഫ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)

ഉള്ളടക്കം :-

1) ടൈം-ടേബിൾ
2) ചോദ്യപേപ്പർ സ്റ്റേറ്റ്മെന്റ്
3) ചോദ്യപേപ്പർ സ്റ്റേറ്റ്മെന്റ്, ഐ.എച്ച്.ആർ.ഡി സ്കൂൾ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ല / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

Endt: No. B2/10457/HRD/16 dt: 12. 2016.

Copy communicated to all Tchn. Principals for further necessary action.

7.12.

DIRECTOR.

7/12

THSS UNDER IHRD

SECONDARY LEVEL

TOTAL STUDENTS STRENGTH 2016-17

| THSS, MALLAPPALLY | VIII | IX | X |
|---|---|---|---|
| | 51 | 52 | 42 |
| **THSS,Puthupally** | 30 | 65 | 78 |
| **THSS,Peermade** | 25 | 42 | 20 |
| **THSS,Muttom** | 67 | 101 | 95 |
| **THSS,Muttada** | - | - | 5 |
| **THSS,Kaloor** | 52 | 52 | 52 |
| **THSS,perinthalmanna** | 60 | 76 | 83 |
| **THSS,kaprassery** | 75 | 65 | 68 |
| THSS,Vattamkulam | 102 | 100 | 95 |
| THSS,Vazhakkad | 65 | 67 | 72 |
| TOTAL | 527 | 620 | 610 |

DIRECTOR